വിജിലൻസ് കോടതി ഉൾപ്പെടെയുള്ള കോടതികൾക്ക് പഴയ കോടതി മന്ദിരത്തിൽ ഇടം നൽകാൻ നടപടി

71 (4688) ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ കോടതി സമുച്ചയം പ്രവർത്തന സജ്ജമായതിനെ തുടർന്ന് പഴയ കോടതി മന്ദിരത്തിൽ ഒഴിവ് വന്ന കോടതിമുറികൾ, പൊതുമരാമത്ത് വകുപ്പിന് കൈമാറണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിജിലൻസ് കോടതി ഉൾപ്പെടെയുള്ള കോടതികൾക്ക്, പഴയ കോടതി മന്ദിരത്തിൽ ഇടം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) പുതിയ കോടതി മന്ദിരത്തിൽ, വിജിലൻസ് കോടതി, സഹകരണ ട്രിബ്യൂണൽ എന്നിവയ്ക്ക് ഓഫീസ് മുറികൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) ഈ തീരുമാനം നടപ്പിലാക്കാത്തതിന് കാരണമെന്തായിരുന്നു ;

(ഇ) പുതിയ കോടതി സമുച്ചയത്തിൽ, ഇനിയും എത്ര കോടതി മുറികൾ സജ്ജീകരിക്കാൻ സൗകര്യമുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതി പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല.

(സി & ഡി) ഇല്ല.

(ഇ) മൂന്ന്.

വയനാട് ജില്ലയിൽ നീതിന്യായ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവൃർത്തികൾ

72 (4693) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നീതിന്യായ വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിലെയും മറ്റ് ഇതര ജില്ലകളിലെയും പട്ടികവർഗ്ഗക്കാരുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതായി അനുവദിച്ച കോടതി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജില്ലയിൽ സബ് കോടതികളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 18-2-2010-ലെ ജി.ഒ.(എം.എസ്) നമ്പർ 611/2010/ആഭ്യന്തരം ഉത്തരവുപ്രകാരം മഞ്ചേരി, കൽപ്പറ്റ എന്നീ സ്ഥലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി ഓരോ പ്രത്യേക കോടതി തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) സംസ്ഥാനത്ത് കോടതികൾ തുടങ്ങുന്നതിനായി തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ വയനാട് ജില്ലയിലെ കൽപ്പറ്റയെ നാലാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകൾ

73 (4694) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു ;

(ബി) രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളിൽ കോടതി നടപടികൾ പൂർത്തിയായി ;

(സി) എത്ര കേസ്സുകളിൽ കോടതി വിധി പറഞ്ഞു ;

(ഡി) ഇനി എത്ര കേസ്സുകളിൽ ചാർജ്ഷീറ്റ് ഫയൽ ചെയ്യാനുണ്ട് ;

(ഇ) എത്ര കേസ്സുകളിൽ കോടതി ശിക്ഷ വിധിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1189 ഉദ്യോഗസ്ഥർക്കെതിരെ 579 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) 95 കേസ്സുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു. ഒരു കേസ്സിലും വിധി പറഞ്ഞിട്ടില്ല.

(ഡി) കേസ്സന്വേഷണം പൂർത്തിയാക്കിയ 22 കേസ്സുകളിൽ ചാർജ്ഷീറ്റ് ഫയൽ ചെയ്യാനുണ്ട്.

(ഇ) ശിക്ഷ വിധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly